മലയാളത്തിന്റെ
പ്രിയ കഥാകാരൻ
ശിഹാബുദ്ദീൻ
പൊയ്ത്തുംകടവ്
നിങ്ങളുമായി
സംവദിക്കുന്നു



# ശിഹാബ്ക്കയോട് ചോദിക്കാം

വോട്ട് ചെയ്യാൻ പതിനെട്ട് വയസ്സാകണം എന്നൊക്കെ നിയമം വെക്കുന്നത് എന്തിനാണ് ശിഹാബ്ക്കാ..

ഞങ്ങളെ ഈ സമൂഹത്തിന്റെ ഭാഗമായി പരിഗണിക്കാത്തതെന്തു കൊണ്ടാണ്...?

ഹംദ സമീർ
ക്ലാസ് 9
മൂവാറ്റുപുഴ

ഹംദയുടെ ചോദ്യം കസറി!
ന്യായമായ ചോദ്യം.
പക്ഷേ, അതിനൊരു മറുവശം ഉണ്ട്.
നമ്മുടേത് ഒരു ജനാധിപത്യ രാജ്യമാണ്. ജനാധിപത്യത്തിൽ ജനമാണ് രാജാവ്. പക്ഷേ, ആ രാജാവിന് ജനാധിപത്യ രാഷ്ട്രീയം എന്താണെന്നും വോട്ട് പ്രക്രിയ എന്തിനാണെന്നും മനസ്സിലാക്കാനുള്ള പക്വതയുടെ പ്രായമാവാം 18. മൂക്കിൽ പല്ല് മുളച്ചിട്ടും ഇതൊന്നും മനസ്സിലാക്കാതെ വോട്ടവകാശം കിട്ടിയവരുടെ കാര്യമോ എന്ന് ചോദിച്ചാൽ ശിഹാബ്ക്കാക്ക് ഉത്തരം മുട്ടും, കേട്ടോ.

കൃഷിയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും സ്കൂളിൽ പഠിപ്പിക്കാത്തതെന്തുകൊണ്ടാണ്.? അതിനും ഒരു പ്രാക്ടിക്കൽ ക്ലാസ് വേണ്ടതില്ലേ..

അമീൻ നാസർ
ക്ലാസ് 10
കുറ്റിപ്പുറം

വളരെ പ്രസക്തമായ ചോദ്യമാണ്



നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി ദ്വൈവാരിക ,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്– 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും
8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

▸▸ ദ്രാവകങ്ങളുടെ സാന്ദ്രത അളക്കുന്ന ഉപകരണം– ഹൈഡ്രോ മീറ്റർ

അമീന്റേത്.
നമ്മുടെ സർക്കാർ സ്കൂളുകളിലൊക്കെ അത്തരം മാറ്റങ്ങൾ വരുന്നുണ്ട്. തീർച്ചയായും പ്രായോഗിക പരിശീലനം വേണ്ടതാണ്.
വീട്ടിൽ രക്ഷിതാക്കളും മക്കളെ കൃഷി പഠിപ്പിക്കേണ്ടതുണ്ട്.
എന്തായാലും അമീൻ ഭാവിയിൽ നല്ല ഒരു കർഷകനായിത്തീരട്ടെ.

പുസ്തകങ്ങൾ വായിക്കാൻ എനിക്കിഷ്ടമാണ്. പുസ്തകങ്ങൾ വായിച്ചില്ലെങ്കിലും ഒരു കുഴപ്പവുമില്ല എന്നാണ് എന്റെ ഒരു ക്ലോസ് ഫ്രണ്ടിന്റെ അഭിപ്രായം. ശരിയാണോ ശിഹാബ്ക്കാ..

ഹുദ ഷംസീർ, ക്ലാസ് 10
മണ്ണാർക്കാട്

പുസ്തകങ്ങളില്ലാത്ത ഒരാളിന്റെ ജീവിതം പൂവില്ലാത്ത പൂന്തോട്ടം പോലെ ആയിരിക്കും.
നാം വിദ്യാഭ്യാസ കാലത്ത് മാത്രം ഉപയോഗിക്കുന്ന ഒന്നല്ല പുസ്തകം. അത് നമുക്കറിയാത്ത അനന്തമായ അറിവിലേക്കും അവബോധത്തിലേക്കും നയിക്കുന്നു.
പുസ്തകവായനയില്ലാതെയും ഒരാൾക്ക് ജീവിക്കാം. പക്ഷേ, വലിയൊരളവോളം അയാൾ /അവൾ കൂടുതൽ അപൂർണരായിരിക്കും.
പുസ്തകം 'തൊഴിൽസഹായി' എന്നതിനെക്കാൾ ജീവിത സഹായിയാണ്. അത് ജീവിതത്തെ വലിയ ക്യാൻവാസിൽ കാണാൻ നമ്മെ സഹായിക്കുന്നു.

•



# കലികാലം

• ഇബ്രാഹീം കീച്ചേരി

താമര വിരിയും കുളമിന്നെവിടെ
തവളകൾ മേയും
വയലുകളെവിടെ
കതിരുകൾ കൊത്തും
പൈങ്കിളിയെവിടെ
ചാടി തിമിർക്കാൻ പുഴയിന്നെവിടെ
കലപില കൂട്ടും പൂത്താങ്കീരികൾ
പരിസരമൊന്നും കാൺമാനില്ല
കോകില നാദം കേൾപ്പാനില്ല
കുട്ടിക്കളികൾ കാൺമാനില്ല
ഉറക്കമുണർത്തും അമ്മയുമില്ല
കൂവിയുണർത്തും പൂവനുമില്ല
എങ്ങോ പോയെൻ പൂക്കാലം
ഇന്നീ കാലം കലികാലം!

▸▸ കേരളത്തിലെ ആദ്യ ഡാം– മുല്ലപ്പെരിയാർ ഡാം (1886)